13.

## ചിന്ത

ധാരാളം പഠിക്കാനുള്ളവരാണ് വിദ്യാർഥികൾ. വീട്ടിലെ ജോലികളും കാണും. കൂട്ടത്തിൽ പലർക്കും ട്യൂഷന് പോകണം. അതിനിടയിൽ കളിക്കാൻ സമയം കിട്ടണമെന്നില്ല. ന്യൂസ് കേൾക്കാനും സമയമുണ്ടാകില്ല.

പഠനം, വീട്ടുജോലി, കളി. ഒരു വിദ്യാർഥിയുടെ സമയം ഈ കാര്യങ്ങളിലാണ് തീരുന്നത്. അതിനപ്പുറം ഒന്നിനും സമയം തികയില്ല.

പഠനമാണ് വിദ്യാർഥിയുടെ പ്രധാന ജോലി. വെറുതെ വായിച്ചുപഠിച്ചതുകൊണ്ടായില്ല. പഠിച്ചതിനെപ്പറ്റിയും വായിച്ച മറ്റുള്ളതിനെപ്പറ്റിയും ചിന്തിക്കണം. ചിന്തിക്കുമ്പോഴാണ് ബുദ്ധിയും മനസ്സും വികസിക്കുക. ചിന്തിക്കും തോറും വിജ്ഞാനവും വളരും. ചിന്തയില്ലാത്ത മനസ്സിൽ ആശയം ഉണ്ടാകില്ല. അത്തരക്കാർക്ക് പഠിച്ചതുപോലും ഉപകരിക്കുകയില്ല.

പലതിനെപ്പറ്റിയും ചിന്തിക്കണം. വായിച്ചതിനെപ്പറ്റിയും കണ്ടതിനെപ്പറ്റിയുമൊക്കെ ചിന്തിക്കാവുന്നതാണ്. അതിനിടയിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ഉണ്ടാകും. സ്വന്തം ചിന്തയിലൂടെ അതിന് ഉത്തരം കാണാൻ ശ്രമിക്കുക. അതിൽ പരാജയപ്പെട്ടാൽ വായിക്കുക. അതും സാധിച്ചില്ലെങ്കിൽ മുതിർന്നവരോട് ഉത്തരം തേടുക.

ചിന്തിക്കാനുള്ള കഴിവ് ദൈവികദാനമാകുന്നു. നല്ലതും ചീത്തയും വേർതിരിച്ചു മനസ്സിലാക്കണം. നല്ല രീതിയിൽ ജീവിക്കണം. അതിന് ചിന്ത നിർബന്ധമാണ്. ചിന്തയും പഠനവുമാണ് മനുഷ്യരുടെ വിജ്ഞാനം വളരാൻ ദൈവം നിശ്ചയിച്ച പ്രധാന മാർഗം.

ചിന്തയാണ് നമ്മുടെ മനസ്സിൽ പല ആശയങ്ങളും ഇട്ടുതരുന്നത്. അവയെ സംസ്കരിച്ചെടുക്കുമ്പോഴാണ് നല്ല കലാസൃഷ്ടികൾ ഉണ്ടാകുന്നത്. അത് സമൂഹത്തിന് ഗുണം ചെയ്യും.

നമുക്ക് ചുറ്റും ഒരുപാട് വിഷയങ്ങളുണ്ട് ചിന്തിക്കുവാൻ. നിങ്ങളെപ്പറ്റി, മറ്റുള്ളതിനെപ്പറ്റി, ജീവിതത്തെപ്പറ്റി...... ചിന്ത നമ്മുടെ മനസ്സിന് വെളിച്ചമാകണം. നമ്മുടെ ജീവിതത്തിന് ദിശയേകണം.